**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഗുണനിലവാരമില്ലാത്ത മരുന്നുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിലക്കിഴിവ് നൽകി വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ വഴി പരിശോധനകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പ്, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് ആൻഡ് ഡ്രഗ്സ് റൂൾസ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് പ്രത്യേകിച്ച് വിലക്കിഴിവ് നൽകി വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. പുതിയ ജി എസ് ടി നിയമം നിലവിൽ വന്നതിനുശേഷം അന്യസംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് മരുന്നുകൾ വാങ്ങുന്ന പ്രവണതയും വിലക്കിഴിവിൽ ഇത്തരം മരുന്നുകൾ വിറ്റഴിക്കുന്ന സാഹചര്യവും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഓപ്പറേഷൻ ഡബിൾ ചെക്ക് എന്ന പ്രത്യേക പരിശോധന വഴി ഇത്തരത്തിൽ നേരിട്ട് അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന മരുന്നുകളുടെയും വിലക്കിഴിവിൽ വിൽക്കുന്ന മരുന്നുകളുടെയും ഗുണനിലവാര പരിശോധന നടത്തുകയും ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെ നിർമ്മാതാക്കൾ / വിതരണക്കാർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്ത് വിതരണത്തിന് എത്തുന്ന മരുന്നുകളുടെ 98 ശതമാനവും ഇതര സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയാണ്. ഓരോ മരുന്ന് ബ്രാന്റിന്റെയും നാലു മുതൽ അഞ്ചോളം ബാച്ചുകൾ സംസ്ഥാന ഔഷധ വിപണിയിൽ എത്തുന്നുണ്ട്. ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇത്തരം മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും മൊത്ത ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/ സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ആകസ്മികമായി (Random) സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്നു പരിശോധന ലബോറട്ടറികളിലേക്ക് അയക്കുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ലബോറട്ടറികളിലാണ് സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തി വരുന്നത്. |
| (ബി) | ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് മായം കലർത്തിയും വേണ്ടത്ര ഗുണനിലവാരം ഇല്ലാതെയും മാനദണ്ഡങ്ങൾ ലംഘിച്ചും സംസ്ഥാത്ത് എത്തിച്ച് വൻ വിലക്കുറവിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ പൊതുജനാരോഗ്യത്തിന് ഗുരുതരമായ ഭീഷണിയുയർത്തുന്നുവെന്ന് കണ്ട് ഇത്തരം വ്യാപാരം കർശനമായി പരിശോധിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് മായം കലർത്തിയും വേണ്ടത്ര ഗുണനിലവാരം ഇല്ലാതെയും മാനദണ്ഡങ്ങൾ ലംഘിച്ചും സംസ്ഥാന വിപണിയിൽ മരുന്നുകൾ വിൽക്കപ്പെടുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥ തസ്തികകൾ നിലവിലുണ്ടോ; തസ്തികകളുടെ കുറവ് പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ, മതിയായ നിയമനങ്ങൾ നടത്തി വ്യാജമരുന്ന് വിതരണം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ 47 എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥർ (ഡ്രഗ്സ് ഇൻസ്പെക്ടർ) ആണുള്ളത്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലെ 4 ടെസ്റ്റിംഗ് ലബോറട്ടറികളിൽ മരുന്ന് പരിശോധനയ്ക്കായി 57 അനലിസ്റ്റ് തസ്തികകളും നിലവിലുണ്ട്. സംസ്ഥാനത്ത് വിപണിയിൽ ഏകദേശം രണ്ടര ലക്ഷത്തോളം മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളും പരിശോധിക്കുക എന്നത് പ്രായോഗികമല്ല. ഈ സാഹചര്യത്തിലും നിയമം അനുശാസിക്കുന്ന രീതിയിൽ മരുന്നുകളുടെ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിൽ ഉള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നു.<br><br>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തിപഠനം അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിലെ ശിപാർശ പ്രകാരം, ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ, 10 ഡ്രഗ്സ് ഇൻസ്പെക്ടർ, 2 റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ